# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**(01-10-2018 മുതൽ 31-03-2019 വരെ)**

**വാർഡ് 04(ആനിക്കാടി)**

**തീയ്യതി :4/11/2019**

## പിലിക്കോട് പഞ്ചായത്ത്

## നിലേശ്വരം ബ്ലോക്ക്

## കാസറഗോഡ് ജില്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്  നിയമം**

**സോഷ്യൽഓഡിറ്റ്സൊസൈറ്റി(MGNSASK)**

**CSI BUILDINGS,  2nd  FLOOR ,LMS COMPOUND ,പാളയം**

**വികാസ്ഭവൻ  (പി.ഒ)തിരുവനന്തപുരം 695033**

**ഫോൺ: 0471-22724696**

**ഇ മെയിൽ keralasocialaudit@gmail**

**തയ്യാറാക്കിയത് :  (, വില്ലേജ്റിസോഴ്സസ് പെഴ്സൺ -പ്രജിന.വി.കെ,ഐശ്വര്യ.എം ,രൂപ.കെ,**
**ബ്ലോക്ക് റിസോഴ്സ് പേഴ്സൺ  രാഘവൻ കെ**
**നീലേശ്വരം  )**

# പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണം | **26.77ച.കി.മി .** |
| ജില്ലാപഞ്ചായത്ത് | കാസർഗോഡ് |
| ബ്ലോക്ക് പഞ്ചായത്ത് | നീലേശ്വരം |
| താലൂക്ക് | ഹോസ്ദുർഗ്ഗ് |
| വാർഡുകൾ | **16** |

| | |
|---|---|
| കിഴക്ക് | കയ്യൂർ ചീമേനി,കരിവെള്ളൂർപെരളം.പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | പടന്ന ഗ്രാമപഞ്ചായത്ത് |
| തെക്ക് | കരിവെള്ളൂർ  പെരളം, തൃക്കരിപ്പൂർ പഞ്ചായത്തുകൾ . |
| വടക്ക് | ചെറുവത്തൂർ ,കയ്യൂർ ചീമേനി പഞ്ചായത്തുകൾ |

പഞ്ചയാത്ത് അതിരുകള്

ജനസംഖ്യ (2011 ,സെൻസെസ്)

| പിലിക്കോട് | ആകെ ജനസംഖ്യ | | Scs | | STs-272 | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| **25122** | **11984** | **13 138** | **722** | **676** | | |

## വാർഡ് 4 (ആനിക്കാടി)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിലെ പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ 04 ആം വാർഡ് (ആനികാടി) ആണ് സോഷ്യൽ ഓഡിറ്റിങ് നടത്തുന്നത് .വാർഡ് 4 ൽ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ **12** പ്രവർത്തികളാണ് നടന്നിട്ടുള്ളത്. ഇതിലെ **8** പ്രവൃത്തികൾ പൊതു വിഭാഗത്തിൽ പെട്ടതും **4** പ്രവർത്തി കേന്ദ്രസംസ്ഥാന ഭവന നിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി ,ഏറ്റെടുക്കുന്ന ഭവന നിർമമാണത്തിന്റെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം എന്നീ പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റ്നു വിധേയമാക്കിയത് .

തൊഴിലുറപ്പുമായി ബന്ധപെട്ട വാർഡിന്റെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു .

| **VILLAGE** | **TOTAL(registered)** | | **SCs** | **SCs** | **STs** | **OTHERS** | **TOTAL** | | |
|---|---|---|---|---|---|---|---|---|---|
| | **HOUSEHOLDS** | **PERSONS** | **HOUSEHOLDS** | **PERSONS** | | **HOUSEHOLDS** | **PERSONS** | **MALE** | **FEMALE** |
| **Anikkadi** | 375 | 469 | 58 | 79 | 0 | 317 | 390 | 91 | 378 |

# <u>ആമുഖം</u>

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതി യാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാര്യദ്ര ലഘൂകരണത്തിൽ നിർണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബർ 2 ആം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻപാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23- തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്. തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ

തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ◌ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതേ പോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ ഇങ്ങനെ വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

**ഈ പദ്ധതിപ്രകാരം തൊഴിൽ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ◌.**

- പതിനെട്ട് വയസ്സ് പൂർത്തീകരിച്ചിരിക്കുക.
- കായികാദ്ധ്വാനത്തിന് തയ്യാറാവുക.
- ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കുക.എന്നിവയാണ്.
- എന്നാൽ 2014 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ◌ പ്രകാരം നാടോടികളായ തൊഴിലന്വേഷകർക്കും തൊഴിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാകണമെന്നു 17(2) ആം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചില വഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ്. സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന തൊഴിലുറപ്പു നിയമപ്രകാരം വർഷത്തിൽ രണ്ടു പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എല്ലാ വാർഡിലും കൃത്യമായി നടത്തേതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സംഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതിപണം ശരീയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈപണം ചില വഴിച്ചതു കൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുട്ടോ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായും മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയക് കണ്ടെത്താൻ കഴിയുന്നു.

**കാ**സർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ നീലേശ്വരം ബ്ലോക്കിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട 4 ആം വാർഡ്(ആനികാടി) എന്ന പ്രദേശം ഓഡിറ്റിന് വിധേയമാക്കുന്നത്.

## രീതിശാസ്ത്രം

•പ്രവൃത്തിഫയലുകൾ, രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിച്ചു.

•ഫീൽഡ് തല പ്രവർത്തനങ്ങൾ നടത്തി.

•തൊഴിലാളികളുമായി സംവദിച്ചു. തൊഴില്കാർഡ് ,പാസ്ബുക്ക് എന്നിവ പരിശോധിച്ചു.

•റിപ്പോർട്ട് ,എം ഐ എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

**<u>അവകാശങ്ങൾ/ അവകാശനിഷേധങ്ങൾ:</u>**

### 1.തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം

തൊഴിൽകാർഡ് ആവശ്യപെട്ട എല്ലാ തോഴിലാളികൾക്കും സൗജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കണമെന്നത് തൊഴിലാളികളുടെ അവകാശമാണ്. പുതിയ തൊഴിൽ കാർഡ് പലർക്കും ലഭിച്ചിട്ടില്ല, ചിലർക്ക് നമ്പർ മാത്രമാണ് നൽകുന്നത്.( രാജൻ ,ഗംഗ ദേവി, ജയന്തി മാല)

**2.അപേക്ഷിച്ചു പതിനഞ്ചു ദിവസത്തിനുള്ളിൽ◌ തൊഴിൽ◌ ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം**.

തൊഴിലിനപെക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികൾക്ക് പറയപ്പെടുന്നുണ്ടെങ്കിലും കൂട്ടയിട്ടാണ് അപേക്ഷ നൽകിയതായി കാണപ്പെടുന്നത്. ഒറ്റയ്ക്കും അപേക്ഷിക്കുന്നതായി കാണപ്പെട്ടു.

**3.തൊഴിൽ,ഇല്ലെങ്കിൽ തോഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. ആദ്യത്തെ 30 ദിവസം 25% , പിന്നീടുള്ള ദിവസങ്ങളിൽ50% ഭാഗം .)**

തൊഴിലിനുള്ള അപേക്ഷ നൽകിയതിനു ശേഷം തൊഴിൽ◌ നൽകാതിരുന്ന ഒരു സാഹചര്യം നിലവിലുള്ള ഫയൽപരിശോധനയിൽ കണ്ടെത്താൻ◌ സാധിച്ചിട്ടില്ല .അതുകൊണ്ട് തൊഴിലില്ലായ്മ നൽകേണ്ടതായി വന്നിട്ടില്ല .

**4.പദ്ധതി (ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കാനുള്ള അവകാശം**

ഗ്രാമസഭ ,വാർഡ് സഭ ,കുടുംബശ്രീ എന്നിവയിലൂടെ ആസൂത്രണം ചെയ്ത തന്നെയാണ് പദ്ധതികൾ നടപ്പററുള്ളത് .

**5. 5കിലോ മീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം (,അല്ലെങ്കിൽ വേതനത്തിന്റെ 10% അധികം.)**

പരിശോധനക്ക് വിധേയമാക്കിയ 7 പ്രവർത്തികളിലും തൊഴിലാളികൾക്ക് 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്.

**6.കുടിവെള്ളം,വിശ്രമസൗകര്യം,പ്രഥമശുശ്രൂഷാസൗകര്യംഇവ ലഭിക്കുന്നതിനുള്ള അവകാശം.**

തൊഴിലാളികളുടെ പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നായ ജോലിസ്ഥലത്ത് കുടിവെള്ളം വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ ലഭ്യമാക്കുന്നുണ്ടെന്നു മനസിലായി. പ്രഥമ ശ്രുശ്രുഷ കിറ്റ് കാണാൻ സാധിച്ചു.

**7. 15 ദിവസതിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം**.

15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ പാസ്ബുക്ക്കളിലും 2019 എപ്രില്മാസത്തി ലാണ് അവസാനമായി വേതനം ലഭ്യമായിട്ടുള്ളത്..2019 മെയ് മുതൽ സെപ്റ്റംബർ അവസാനം വരെ കൂലി ലഭിച്ചിട്ടില്ല എന്ന് ഫീൽഡിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞു.

**8.വേതന വിതരണത്തലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

കൂലി ലഭിക്കാൻ വൈകുന്നതിനു നഷ്ട പരിഹാരത്തിനു അർഹത ഉണ്ടെങ്കിലും ഭൂരിപക്ഷം തൊഴിലാളികൾക്കും 5 മാസക്കാലമായിട്ടും കൂലി ലഭിക്കാത്തത്തിന്റെ നഷ്ട പരിഹാര തുകയ്ക്കു അപേക്ഷിച്ചിട്ടില്ല എന്നും മനസിലാക്കാൻ കഴിഞ്ഞു

**9 സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.**

സമയബന്ധിതമായി ഉള്ള പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും ഈ ഓഡിറ്റ് കാലയളവിൽ ഒരു തൊഴിലാളിയും പരാതി നൽകിയതായി രേഖകളിൽ കാണുന്നില്ല.

**10,സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം .**

വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കാറുണ്ട്.

**<u>നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം.</u>**

തൊഴിലുറപ്പ് നിയമത്തിലെ 10 അവകാശങ്ങളിൽ ഒന്നായ സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും,പലവിധത്തിലുള്ള പരാതികൾ ഉണ്ടായിട്ടും തൊഴിലാളികൾക്ക് അവകാശങ്ങളെക്കുറിച്ച് അവബോധം ഇല്ലാത്തതു കൊണ്ട് ഓഡിറ്റ് കാലയളവിൽ ഒരു പരാതിയും പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല .

സോഷ്യല് ഓഡിറ്റിന് വിധയേമാക്കിയ പ്രവൃത്തികൾ

| Work Code | Work Name(As per Muster Roll) | Category | Start Date | Last Date | Total mandays | Total Amount | Status |
|---|---|---|---|---|---|---|---|
| 1601005004 LD/253378 | ഖണ്ഡിക5ൽ പരാമർശിച്ചിരിക്കുന്ന കുടുംബങ്ങളുടെ ഭൂവികസന പ്രവർത്തികൾ . വാർഡ് 4 | Category A | 14/09/2018 | 31/12/2018 | 611 | 499000 /- | Completed |
| 1601005004 WC/321920 | മൺകയ്യാല നിർമാണം. വാർഡ് 4 | Category A | 08/10/2018 | 31/12/2018 | 718 | 500000 | Completed |
| 1601005004 LD/327172 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ വാർഡ് 4 | Category .A | 21/01/2019 | 03/02/2019 | 766 | 280000 | Completed |
| 1601005004 WC/308048 | ആനിക്കാടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ വാർഡ് 4 | Category A | 15/10/2018 | 12/03/2019 | 1408 | 497000 | Completed |
| 16010l05004 LD/330483 | തീറ്റപുൽ കൃഷി വാർഡ് 4 | Category A | 15/03/2019 | 21/03/2019 | 230 | 415878 | Completed |
| 1601005004 WC/338063 | മൾച്ചിങ് പിറ്റ് വാർഡ് 4 | Category A | 04/02/2019 | 10/02/2019 | 771 | 280000 | Completed |

| | | | | | | | |
|---|---|---|---|---|---|---|---|
| 1601005004<br>IC/217594 | വലിയപറമ്പ് ആനിക്കാടിതോട് നവീകരണം<br>വാർഡ് 4 | Category A | 27/02/2019 | 12/03/2019 | 156 | 313000 | Completed |
| 1601005004<br>RC/59666 | ആനിക്കാടി ഒറവൻകുളം റോഡ് ഫോർമേഷൻവാർഡ്4 | Category A | 18/12/2018 | 24/12/2018 | 25 | 170000 | Completed |
| IF/367768 | കേന്ദ്രസംസ്ഥാന ഭവനനിർമാണ പ്രവൃത്തികൾ തമ്പായി പി എം | Category B | 13/12/2018 | 18/02/2019 | 52 | 27390/- | ongoing |
| IF/354611 | കേന്ദ്രസംസ്ഥാന ഭവനനിർമാണ പ്രവൃത്തികൾ ഉഷ കുമാരി | Category B | 6/12/2018 | 20/02/2019 | 52 | 27390/- | ongoing |
| IF/354588 | കേന്ദ്രസംസ്ഥാന ഭവനനിർമാണ പ്രവൃത്തികൾ നളിനി കെ | Category B | 29/01/2019 | 11/02/2019 | 24 | 27390/- | ongoing |
| IF/367942 | കേന്ദ്രസംസ്ഥാന ഭവനനിർമാണ പ്രവൃത്തികൾ വിചിത്ര | Category B | 18/12/2018 | 20/02/2019 | 52 | 27390/- | ongoing |

## <u>1. ഖണ്ഡിക 5ൽ പരാമർശിക്കുന്ന കുടുംബങ്ങളുടെ ഭൂവികസന പ്രവൃത്തികൾ വാർഡ് 4.</u>

പ്രസ്തുത പ്രവൃത്തിയിൽ 21 മസ്ട്രോളുകളിലായി 611 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അടങ്കൽ തുകയായി 499000 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 168636 രൂപ ചിലവഴിച്ചിട്ടുണ്ട്. വിഭാഗം എ യി പെടുന്ന ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം 991.82mcub ഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 817.88 mcub സ്ഥലത്ത് മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ സാധിച്ചിട്ടുള്ളത് (ആകെവ്യത്യാസം 29461.96/-രൂപ)

## <u>2. ആനിക്കാടി പ്രദേശത്തെ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ വാർഡ് 4.</u>

പ്രസ്തുത പ്രവൃത്തിയിൽ 261 മസ്ട്രോളുകളിലായി 1408 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 497000 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 388608/- രൂപ ചിലവഴിച്ചിട്ടുണ്ട്. വിഭാഗം എ യി പെടുന്ന ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം സുർഫസ് ദ്രെസ്സിങ്ങിനു എം ബുക്ക് പ്രകാരം 5408.21sqm ഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 4672.26m2 സ്ഥലത്ത് മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ സാധിച്ചിട്ടുള്ളത് അതുപോലെതന്നെ മഴകുഴി എം ബുക്ക് 564.05m3 ചെയ്യേണ്ട സ്ഥലത്ത് 437.58m3 ഏരിയയിലാണ് കുഴി നിർമിച്ചിട്ടുള്ളത്. ക്ലീനിങ് സ്റ്റോൺ നു വേണ്ടി എം ബുക്ക് പകരം 738.42 രൂപയും ഫീൽഡ് പ്രകാരം 717.4 രൂപയും ആണ്. (സർഫസ് ഡ്രസ്സിങ് ക്ലീനിങ് സ്റ്റോൺ ഉൾപ്പെടെ 50555.34 രൂപയുടെ വർക്ക് കാണാൻ സാധിച്ചിട്ടില്ല

## <u>3. തരിശുഭൂമി കൃഷിയോഗ്യമാക്കൽ വാർഡ് 4.</u>

പ്രസ്തുത പ്രവൃത്തിയിൽ 28 മസ്ട്രോളുകളിലായി 766 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 280000 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 211416 രൂപ ചിലവഴിച്ചിട്ടുണ്ട് .. വിഭാഗം എ യിൽ പെടുന്ന ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം 5824.05m2 ഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 5315.6m2 ഏരിയയിൽ മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ സാധിച്ചിട്ടുള്ളത് (ആകെവ്യത്യാസം 18,187 രൂപ..)

## 4. കയ്യലനിർമാണം വാർഡ് 4

പ്രസ്തുത പ്രവൃത്തിയിൽ 22 മസ്ട്രോളുകളിലായി 718 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 500000രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 198168 രൂപ ചിലവഴിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം 1156.85 m3 ഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 709.632m3 സ്ഥലത്ത് മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ കഴിഞ്ഞത്. ആകെ വ്യത്യാസം 75749.രൂപ.)

## 5.തീറ്റപുൽ കൃഷി വാർഡ് 4

പ്രസ്തുത പ്രവൃത്തിയിൽ 18 മ്സ്ട്രോളുകളിലായി 230 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.അടങ്കൽ തുകയായ 415878/- രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 63480 /-രൂപ ചിലവഴിച്ചിട്ടുണ്ട്. വിഭാഗം എ യി പെടുന്ന ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം 593.95 mcub ഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 526.08 mcub സ്ഥലത്ത് മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ സാധിച്ചിട്ടുള്ളത്(.ആകെവൃത്യാസം 7173രൂപ)

## 6.മൾച്ചിങ് പിറ്റ് വാർഡ് 4

പ്രസ്തുത പ്രവൃത്തിയിൽ 27 മസ്ട്രോളുകളിലായി 771 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 280000രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 212796 രൂപ ചിലവഴിച്ചിട്ടുണ്ട് . വിഭാഗം എ യി പെടുന്ന ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം ജംഗ്ൽ ക്ലീനിങ് നു 2777.24 sqmഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 2777.24 sqm സ്ഥലത്ത് മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ സാധിച്ചിട്ടുള്ളത്. അതുപോലെതന്നെ കുഴി എം ബുക്ക് പ്രകാരം 1515.81 m3 ചെയ്യേണ്ട സ്ഥലത്ത് 1203.6m3 ഏരിയയിലാണ് കുഴി നിർമിച്ചിട്ടുള്ളത്. (ജംഗ്ൽ ക്ലീനിങ് ഉൾപ്പെടെ 40,612.28 രൂപയുടെ വർക്ക് കാണാൻ സാധിച്ചിട്ടില്ല.**7.വലിയപറമ്പ് ആനിക്കാടിതോട് നവീകരണം വാർഡ് 4**

പ്രസ്തുതപ്രവൃത്തിയിൽ 6 മ്സ്ട്രോളുകളിലായി 156 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.അടങ്കൽ തുകയായ 313000/- രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 39744/-രൂപ ചിലവഴിച്ചിട്ടുണ്ട്. നവീകരിച്ചതായി കാണപ്പെട്ടു

**8.ആനിക്കാടി ഒറവൻകുളം റോഡ് ഫോർമേഷൻ വാർഡ് 4**

പ്രസ്തുത പ്രവൃത്തിയിൽ 5 മ്സ്ട്രോളുകളിലായി 25 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.അടങ്കൽ തുകയായ 170000/- രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 39744/-രൂപ ചിലവഴിച്ചിട്ടുണ്ട്. വിഭാഗം എ യി പെടുന്ന ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം 371.92 mcub ഏരിയയിൽ ചെയ്യേണ്ട സ്ഥലത്ത് 134cum സ്ഥലത്ത് മാത്രമാണ് പ്രവൃത്തി ചെയ്തതായി കാണാൻ സാധിച്ചിട്ടുള്ളത്(.ആകെവ്യത്യാസം 22145.76രൂപ)**8-കേന്ദ്ര,സംസ്ഥാന ഭവനനിർമാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തി വാർഡ് 4 തമ്പായി പി എം, ഉഷ കുമാരി, നളിനി കെ, വിചിത്ര**

- തമ്പായി പി എംനു വേണ്ടി 8 മസ്റ്റർ റോളുകളിലായി 52 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് . അടങ്കൽ തുക 27390/- രൂപ. ആകെ ചിലവായ തുക14092/- .
- ഉഷ കുമാരിക്കു വേണ്ടി 4 മസ്റ്റർ റോളുകളിലായി 52 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് അടങ്കൽ തുക 27390 രൂപ. ആകെ ചിലവായ തുക 14092/-
- നളിനി കെക്കു വേണ്ടി 2 മസ്റ്റർ റോളുകളിലായി 24 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് അടങ്കൽ തുക 27390 രൂപ. ആകെ ചിലവായ തുക 6504/-
- വിചിത്രക്കു വേണ്ടി 5 മസ്റ്റർ റോളുകളിലായി 52 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് . അടങ്കൽ തുക 27390 രൂപ. ആകെ ചിലവായ തുക 14092/- **.പരിശോധിച്ച 8 പൊതുപ്രവൃതികളുടെയും എം ബുക്ക് പ്രകാരം ഉള്ള അളവിനെക്കാളും കുറഞ്ഞ അളവിലാണ് ഫീൽഡ് വെരിഫിക്കേഷൻ സമയത്ത് കാണാൻ സാധിച്ചത്. 6 പ്രവൃത്തിയുടെയും ആകെ തുക പരിശോധിക്കുകയാണെങ്കിൽ, 221737/- രൂപയുടെ പ്രവൃത്തികൾ കാണാൻ പറ്റിയിട്ടില്ല.**
- **തുകയിലെ വ്യത്യാസം താഴെ പറയുന്ന കാരണങ്ങളാൽ തന്നെ ആണെന്ന് അക്രെഡിറ് എൻജിനിയർ കൂട്ടിചെർത്തു .(കാട് കയറിയതിനാൽ ,കുഴികൾ നികത്തപ്പെട്ടതിനാൽ ,വെള്ളം കയറിയതിനാൽ )**

**പ്രധാന കണ്ടെത്തലുകൾ**:

- ചെയ്ത പ്രവൃത്തികൾ ഗുണനിലവാരമുള്ളതായി മനസിലായി.
- മിക്ക പ്രവർത്തികളും തൊഴിലുടമയുടെ ആവശ്യപ്രകാരമാണ് നടക്കുന്നതെന്ന് മനസ്സിലായി. അത് കൊണ്ട് തന്നെ കൃത്യമായ കണക്കുകൾ ഒരു പ്രവർത്തിയിലും ഉണ്ടായിരുന്നു.
- കാലാവസഥയ്ക്ക് അനുയോജ്യമായ പ്രവൃത്തികൾ ആണ് നടത്തപ്പെടുന്നത്.
- പരിശോധിച്ച എട്ടു പ്രവൃത്തികളിൽ മൂന്ന് പ്രവർത്തിയുടെ സി ഐ ബി ബോർഡ് കാണുവാൻ സാധിച്ചു.
- മഴവെള്ളം കയറിയത് കാരണം,കോമളവല്ലി,ഓ. തമ്പായി,പത്മാവതി വി.വി സുശീല കെ, കാർത്യായനി ' എൻ,സുപ്രിയ,ചന്ദ്രമതി, അളന്നു തിട്ടപ്പെടുത്താൻ◌ പറ്റിയിട്ടില്ല.
- കയ്യാല ചെയ്ത ഒരു ഗുണഭോക്താവിൻ്െ സ്ഥലത് പൈപ്പ് സ്ഥാപിച്ചാതിനാൽ അളവെടുക്കാൻ സാധിച്ചില്ല . (പത്മാവതി എം).
- കുഴികൾ പലതും നികത്തിയാതായി കാണപ്പെട്ടു .( പശു തൊഴുത്തിനായി ശ്രീവിദ്യ യു ,)
- കുഴികൾ പലതും വാഴ ,തെങ്ങു ,കമുക് എന്നിവ വച്ച് പിടിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തി.
- തരിശു ഭൂമി കൃഷിയോഗ്യമാക്കി നെല്ല്, പച്ചക്കറി ,മഞ്ഞൾ, കപ്പ,ചേമ്പ് ,ചേന എന്നിവ വച്ചു പിടിപ്പിച്ചു.
- കാടും കയറിയതിനാലും പല പ്രവർത്തികളും നശിച്ചതായും കാണാൻ കഴിഞ്ഞില്ല

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

പരിശോധിച്ച 8 ഫയലുകളിൽ 3 പ്രവൃത്തികളുടെ വർക്ക്സൈറ്റിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണുവാൻ സാധിച്ചു .( മണ്ണ് ജല സംരക്ഷണം ,ഒരുവൻ കുളം .റോഡ് ഫോർമേഷൻ ,മണ്ണ് കയ്യാല )

## വി.എം.സി

ഓഡിറ്റിനു വിധേയമാക്കിയ പ്രവൃത്തി ഫയലുകളിലെ സൈറ്റ് ഡയറികളിൽ വി,എം.സി.മെമ്പർമാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ കാര്യക്ഷമമായ പ്രവത്തനം ഇനിയും ഉണ്ടാകേണ്ടതുണ്ട് .

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസറ്ററുകളും അവയിലെ കണ്ടെത്തലുകളും** .

**1.തൊഴിൽകാർഡ് രജിസ്റ്റർ**

പഞ്ചായത്തിൽ സൂക്ഷിക്കുന്ന മാന്വലായി സൂക്ഷിക്കുന്ന രെജിസ്റെറിൽ 83 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് . പല തൊഴിലാളികളുടെയും ഫോട്ടോകൾ രജിസ്റെറിൽ കാണാൻ കഴിഞ്ഞിട്ടില്ല .

**2.ഗ്രാമസഭ രജിസ്റ്റർ.**

തൊഴിലുറപ്പു ഗ്രമാസഭ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് .അവസാനമായി 25/07/2019 ആണ് ഗ്രാമസഭ ചെർന്നിട്ടുള്ളത്.വ്യക്തിഗത ആനുകൂല്യങ്ങൾ അംഗീകരിക്കുന്നതിന്നാണ് യോഗം ചെർന്നിട്ടുള്ളത്.

**3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽനൽകിയതുമായിട്ടുള്ളരജിസ്റ്റർ.**

ഡിമാൻഡ് ആന്ഡ് ആലോകേഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. രണ്ടിന്റെയും എം ഐ എസ് കോപ്പിയാണ് രജിസ്റെറിലുള്ളത്.തൊഴിലാളികൾ തൊഴിലാവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷകൾ വർക്ക് ഫയലുകളിൽ ഉണ്ട്.

**4.വർക്ക് രജിസ്റ്റർ.**

എം ഐ എസ്കോപ്പി സൂക്ഷിച്ചിട്ടുണ്ട് .

**5.ആസ്തി രജിസ്ററർ**

ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**6.മെറ്റീരിയൽ രജിസ്റ്റർ**

മെറ്റീരിയൽ◌ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിചിട്ട്ട്ടുണ്ട് .ഓഡിറ്റ് കാലയളവിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പണികൾ ഒന്നും തന്നെ നടന്നിട്ടില്ല.

**7. പരാതി രജിസ്റ്റർ**

പരാതി രജിസ്റ്റർ◌ പഞ്ചായത്തിൽ◌ സൂക്ഷിക്കുന്നുണ്ട് .തൊഴിലാളികൾക്ക് പല വിധത്തിലുള്ള പരാതികളുണ്ടെങ്കിലും ഓഡിറ്റ് കാലയളവിൽ യാതൊരുവിധ പരാധികളും രേഖപ്പെടുത്തിയതായി കാണുന്നില്ല.

**<u>കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു വർക്കുഫയലിൽ താഴെപറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ് . ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും :</u>**

**1.കവർപേജ്.**

പ്രവൃത്തി ഫയലിൽ കവർപേജ് ഉണ്ടായിരുന്നു എന്നാൽ എം ഐ എസ് പ്രകാരമുള്ള മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടില്ല ..

**2.ചെക്ക്ലിസ്റ്റ്.**

പ്രവൃത്തി ഫയലില് ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏതുപേജുകളിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക്‌ലിസറ്റ് പരിശോധിച്ച 6പ്രവൃത്തി ഫയലുകളിലുകളിൽ ചെക്ക് ലിസ്റ്റിൽ ഉണ്ടായിരുന്നില്ല .തീറ്റപ്പുൽ കൃഷി , ആനിക്കാടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നി ഫയലുകൾക്കു ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു.

**3. ആക്ഷൻ പ്ലാൻ/ഷെൽഫ് ഓഫ്പ്രൊജക്റ്റ് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പു വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്നു തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻപ്ലാൻ കോപ്പി പൊതു പ്രവർത്തികളുടെ ഫയലുകളിൽ◌ ആക്ഷൻപ്ലാൻ◌ പകരർപ്പ്കാണുവാൻ◌ കഴിഞ്ഞു. ഭവന നിർമ്മാണ പ്രവർത്തികളുടെ ഫയലിൽ◌ ആക്ഷൻപ്ലാൻ◌ പകർപ്പ് ഉണ്ടായിരുന്നു ..

**4. ഭരണാനുമതി**

പ്രവൃത്തിചെയ്യുന്നതിന്നു നിർവ്വഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതിരേഖ. ഭരണാനുമതി എല്ലാ പ്രവൃത്തികൾക്കും ഉണ്ടായിരുന്നില്ല മൾച്ചിങ്

പിറ്റ് ,മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, തരിശു ഭൂമി കൃഷി യോഗ്യമാക്കൽ എന്നിവയ്ക്കു ഭരണാനുമതി കാണാൻ സാധിച്ചു.

**5. എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന കോപ്പി.**

ഒരു പ്രവൃത്തി എങ്ങിനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ് എസ്റ്റിമേറ്റ്ഡിസൈൻ. പൊതുപ്രവൃത്തിയുടെ ഫയലുകളിൽ കാണാൻ സാധിച്ചു .. എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട രേഖകളിലൊന്നും തന്നെ തിയ്യതിയോട്കൂടിയ ഒപ്പ് കാണാ ൻ◌ കഴിഞ്ഞില്ല.

**6. സങ്കേതികാനുമതികോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരികരേഖയാന്ന് സാങ്കേതികാനുമതി രേഖ പൊതുപ്രവർത്തികളുടെ ഫയലുകളിൽ സാങ്കേതികാനുമതി പകർപ്പ് കഴിഞ്ഞു.

**7. സംയോജിത പദ്ധതി വിശദാംശങ്ങൾ.**

ഭവന നിർമ്മാണ പദ്ധതികളിൽ സംയോജിതപദ്ധതി വിശദാംശങ്ങൾ കാണുവാൻ കഴിഞ്ഞില്ല.

**8. തൊഴിലിനുള്ള അപേക്ഷ.**

തൊഴിലാളികൾ തൊഴിൽആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോറം.തൊഴിൽ◌ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖ കൂടി ആണു ഡിമാൻഡ്ഫോം കൂട്ടായുള്ള അപേക്ഷ വർക്ക് ഫയലിൽ കാണാൻ കഴിഞ്ഞു .

**9. തൊഴിൽ◌ അനുവദിച്ചതിന്റെ പകർപ്പ്.**

പ്രവൃത്തി അനുവദിച്ചു കൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവർത്തിലഭിച്ചോ എന്ന് അറിയാൻ ഈ ഫോം സഹായിക്കും. വർക്ക് അലോക്കേഷൻ എം, ഐ ,എസ്കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് .

**10. പൂരിപ്പിച്ച മസ്റ്റർറോളിന്റെ കോപ്പി.**

തൊഴിലാളികളുടെ ഹാജർ നില രേഖപ്പെടുത്താനുള്ള രേഖയാണ് മസ്റ്റർറോൾ
നടന്ന്കൊണ്ടിരിക്കുന്ന ഫയലുകലിൽ ഒഴികെയുള്ള ഫയലുകളിൽ പൂരിപ്പിച്ച

മസ്റ്റർറോളിന്റെ പകർപ്പ് ഉണ്ടായിരുന്നു. പ്രവൃത്തിചെയ്ത ദിവസം അടയാളപ്പെടുത്തിടിട്ടുണ്ടായിരുന്നില്ല .ആയുധവാടകയായി 5 രൂപ മസ്റ്റർറോളിനൊപ്പം തൊഴിലാളികൾക്ക് നൽകിവരുന്നതായി പരിശോധനയിൽ നിന്നും വ്യക്തമായി. ലൈഫ്ഭവന നിർമ്മാണ പ്രവർത്തികളുടെ മസ്റ്റർറോളുകൾ 8 ദിവസത്തെ തൊഴിൽ ദിനങ്ങൾ ഉൾക്കൊള്ളിച്ചയായി കണ്ടു .

**11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.**

ഒരു പ്രവൃത്തി എസ്റ്റിമേറ്റു പ്രകാരം കൃത്യമായ അളവിൽ ആണ്ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാന്നു മെഷർമെന്റ്ബുക്ക്. മെഷർമെന്റ് ബുക്ക് സൂക്ഷിച്ചതായി കാണുന്നു . ഓരോ ഭൂഉടമയ്ക്കും ഇത്ര സ്ഥലത്ത പ്രവൃത്തി ചെയ്തു എന്ന് പ്രത്യേകം എഴുതാതെ ഒന്നിച്ചുള്ള വിസ്തുതിയാണ് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂ ഉടമകളുടെ പേരും സർവ്വെ നമ്പറുകളോടുകൂടിയ ഗുണഭോക്താക്കളുടെ ലിസ്റ്റ കാണപ്പെടുന്നില്ല. എം ബുക്കിൽ ഓരോ ഗുണഭോക്താക്കളുടെ സ്ഥലത്തു കൃത്യമായി ഇത്ര വിസ്തീർണത്തിൽ ചെയ്തു വെന്നത് രേഖപ്പെടുതെണ്ടതാണ് .

**12.സാധനങ്ങൾ വാങ്ങുന്നതിനുള്ള കാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ് മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാന്നു മെറ്റീരിയൽ പ്രൊക്യൂർമെന്റ്. സോഷ്യൽഓഡിറ്റിനു വിധേയമാക്കിയ 4 പ്രവൃത്തികളിലും മെറ്റീരിയൽ ഉപയോഗിക്കേണ്ടിവന്നിട്ടില്ല എന്നിരുന്നാലും സിറ്റിസൺ ഇൻഫർമേഷൻബോർഡ് (C.I.B) കാട്ടെഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ കാണാൻ കഴിഞ്ഞില്ല . സന്ദർശിച്ച സൈറ്റുകളിലൊന്നും തന്നെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല.

**13. വേജ്ലിസ്റ്റ്**

മസ്റ്ററോളിനു ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കുവാനുള്ള ആധികാരികരേഖയാണ് വേജ് ലിസ്റ്റ്. വേജ്ലിസ്റ്റ് പകർപ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട് . സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ പ്രവൃത്തികളിൽ എല്ലാംതന്നെ എം ഐ എസ നിന്നുമുള്ള വേജ് ലിസ്റ്റിന്റെ പകർപ്പുകൾകാണാൻ സാധിച്ചു .

**14. എഫ്. ടി ഒ.**

വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റയും എഫ്.റ്റി.ഒ യുടെയും കോപ്പി

മാസ്റ്റർരോള്, വേജ്ലിസ്റ്റ് എന്നിവ അനുസരിച്ച് തൊഴിലാളികള്ക്ക് വേദനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ളരേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. .എഫ.ടി .ഒ അവ ഫയലുകളിൽ ഉണ്ട്.

**15. മെറ്റീരിയൽ വൗച്റിന്റെയും ബില്ലുകളുടെയും കോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യൂർമെന്റ്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡുമായി ബന്ധപ്പെട്ട രേഖകളുടെ വിശദാംശങ്ങൾ ഫയലുകളിൽ ഉണ്ടായിരുന്നില്ല.

**16. റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി.**

ബാധകമല്ല.

**17. മൂന്നു ഘട്ടങ്ങൾ ആയുള്ള തൊഴിലിന്റെ ഫോട്ടോകൾ**

പ്രവര്ത്തനവുമായി ബന്ധപ്പെടുത്തിയെടുക്കേണ്ട മൂന്ന്ഫോട്ടോ പതിപ്പുകൾ അതായത് പ്രവർത്തനത്തിന്റ ആരംഭം, പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവർത്തനം പൂർത്തീകരിച്ചപ്പോൾ എന്നീ മൂന്ന്തരം ഫോട്ടോ. ഫയലുകളിൽ പ്രവൃത്തികളുടെ മൂന്നു ഘട്ടങ്ങൾ ആയുള്ള ഫോട്ടേകൾ സൂക്ഷിച്ചിരിക്കണം .പരിശോധനക്ക് വിധേയമാക്കിയ പ്രവൃത്തികളില് ഒന്നുംതന്നെ 3 ഘട്ട ഫോട്ടോകൾ സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല .

**18. പൂർത്തികരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി.**

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. നിലവിലുള്ള ഫയലുകളിൽ പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രമില്ല . പാർട്ട്ബില്ലിന്റെ മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

**19. മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ്പ്/ ഫയൽട്രാക്കിംഗ്ഫോം.**

പ്രവൃത്തി ഫയലുകളിൽ എല്ലാംതന്നെ ഫയൽട്രാക്കിംഗ്ഫോം ഉണ്ടായിരുന്നു. മുഴുവൻ കാര്യങ്ങളും രേഖപ്പെടുത്തിയിരുന്നില്ല .

**20. ആസ്തിയുടെ ജിയോടാഗ് ഫോട്ടോഗ്രാഫ്.**

പ്രവർത്തികൾ ജിയോടാഗ് ചെയ്യിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോടാഗ് ഫോട്ടോഗ്രാഫ്. ജിയോടാഗ് ഫോട്ടോകൾ ഫയലുകളിൽ ലഭ്യമായിരുന്നില്ല.

**21. സോഷ്യൽ ഓ ഡിറ്റിന്റെ റിപ്പോർട്ട് കോപ്പി .**

പ്രവൃത്തി സോഷ്യൽഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാന് സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറ്മാസം കൂടുമ്പോൾ ഓ വിറ്റ്ചെയ്യേണ്ടതാണ്. ഗ്രാമസഭാ രെജിസ്റെരിൽ സോഷ്യൽ ഓടിടിന്റെ വിവരങ്ങൾ ഉണ്ടെങ്കിലും അതിന്റെ കോപ്പി ഫയലിൽ◌ വെച്ചിട്ടില്ല.

**22. സൈറ്റ്ഡയറി**

പ്രവർത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനു വേണ്ടിയുള്ള ആധികാരികരേഖയാണ്സൈറ്റ്ഡയറി . പരിശോധിച്ച 5 പ്രവര്ത്തികളിലും സൈറ്റ്ഡയറി ഉണ്ടായിരുന്നു. മേറ്റിന്റെ വിലാസവും ഫോൺനമ്പരും കൃത്യമായി സൈറ്റ്ഡയറിയിൽ രേഖപ്പെടുത്തേതാണ്. ചെക്ക്ളിസ്റ്റ് പൂർണ്ണമായിരുന്നില്ല . പ്രൊജക്ട്മീറ്റിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പണിയായുധവാടക സൈറ്റ്റ്ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . പണി സ്ഥലത്തു അപകടം നടന്നിട്ടുണ്ടെങ്കിൽ അവ കൃത്യ മായി സൈറ്റ് ഡയറിയിൽ രേഖ പ്പെടുതെണ്ടാതാണ് .

# പൊതുനിർദ്ദേശങ്ങൾ

**ഉദ്യോഗസ്ഥരോട്**

1.തൊഴിൽ കാർഡിലേക്കാവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന്തന്നെ എടുത്ത് കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.തൊഴിലന് അപേക്ഷിക്കുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ നൽകുന്നുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തുക.

3.കാലാനുസൃതമായി തന്നെ ഒരോ പ്രവൃത്തിയും ഏറ്റെടുത്ത് നടത്തുന്നതിനായി യഥാസമയംഅവയുടെ അനുമതി നേടി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ◌ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ് .

4.ഓരോ പ്രവർത്തിയും ആരംഭിക്കുന്നതിനു മുൻപ് കൃത്യമായി പ്രൊജക്ട്മീറ്റിംങ് നടത്തേണ്ടതാണ്. മീറ്റിങ്ങിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കുകയും ചെയ്യേണ്ട പ്രവൃത്തിയെകുറിച്ചും അളവിനെകുറിച്ചും തൊഴിലാളികളോടും ,മേറ്റിനോടും വിശദമായി പറഞ്ഞു കൊടുക്കുകയും

ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റിന്റെ മലയാളം പകർപ്പ് ലഭ്യമക്കേണ്ടതാണ് .

5. പ്രവൃത്തി നടന്ന്കൊണ്ടിരിക്കുമ്പോൾ സാങ്കേതിക ജീവനക്കാർ◌ പ്രവൃത്തി സ്ഥലം സന്ദർശിച്ച് പ്രവൃത്തിയുടെ പരിശോധനയും അളവെടുപ്പും നടത്തി പോരായ്മകൾ തൊഴിലാളികൾക്ക് പറഞ്ഞ് മനസിലാക്കി കൊടുക്കേണ്ടതാണ് .

6. ഓരോ പ്രവൃത്തിയുടേയും സൈറ്റിൽ കുടിവെള്ളം ,പ്രഥമ ശുശ്രൂഷകിറ്റ് , തണൽ,എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ജീവനക്കാർ◌ പ്ര ത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. സുരക്ഷാ സാമഗ്രികൾ◌ ആവശ്യമായ പ്രവൃത്തികളിൽ അവ ലഭ്യമാക്കേണ്ടതാണ്.

8. ഓരോ പ്രവൃത്തിയുടേയും വർക്ക് ഫയലുകളിൽ◌ ആനുവൽ മാസ്റ്റർ◌ സർക്കുലർ◌ പ്രകാരം നിർകർഷിക്കുന്ന 22 രേഖകളിൽ ഉൾപ്പെട്ടവ ഉണ്ടെന്ന് ജീവനക്കാർ◌ ഉറപ്പ് വരുത്തേണ്ടതാണ് .

**മേറ്റുമാരോട്.**

1. തൊഴിലാളികളുടെ തൊഴിൽ കാർഡിൽ◌ പ്രവൃത്തിയെകുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതും ഹാജർ അടയാളപ്പെടുത്തേണ്ടതുമാണ്.

2. തൊഴിലാളികളുടെ ഗ്രൂപ്പ് അപേക്ഷകൾ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് രസീത് തിരികെ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. തൊഴിലാളികൾ യഥാസമയം പ്രവൃത്തിസ്ഥലത്തു ഹാജരാകുന്നുണ്ടോ എന്നും ,ഹാജർ കൃത്യ സമയത്ത് മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണ്കെങ്കില് അപകടത്തിന്റെ വിശദാംശങ്ങൾ സൈറ്റ്ഡയറിയിൽ രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5 .സൈറ്റ് ഡയറിയിൽ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക .

**തൊഴിലാളികളോട്**

1. പഞ്ചായത്തിൽ നിന്നും തൊഴില ലഭിക്കാൻ കാത്തിരിക്കാതെ തൊഴിൽ ആവശ്യമുള്ള സമയത്ത് പഞ്ചായത്തിൽ അപേക്ഷ നൽകുകയും രശീതി കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക .

2. തൊഴിലിനപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുക .

3. തൊഴിലുറപ്പ് വേതനം കൃത്യമായി പാസ്ബുക്കിൽ രേഖപ്പെടുത്തുക .

4. തൊഴിൽകാർഡ് സ്വന്തം കൈവശം സൂക്ഷിക്കുക .

5. അവകാശങ്ങൾ ലഭ്യമാവാത്ത സാഹചര്യങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക .

6. ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക .

**അനുബന്ധരേഖകൾ**

ശേഖരിച്ചതെളിവുകൾ

മേറ്റ്മാരായക, ഗിരിജ വി,ഉഷ,അജിത,ശൈലജഎന്നിവരുടെ കൂടെ ഗുണഭോക്താക്കളുടെ കൃഷിസ്ഥലം അളന്നു തിട്ടപ്പെടുത്തിയ വിവരങ്ങൾ ,ഫീൽഡ് വെരിഫിക്കേഷൻ സമയത്ത് തൊഴിലാളികളുമായി നടത്തിയ സംവാദങ്ങളിൽ നിന്നുള്ള വിവരങ്ങൾ ,പ്രവൃത്തി നടന്നുവെന്നു സ്ഥലമുടമകളിൽ നിന്നും പരിശോധന സമയത്ത് ചോദിച്ചറിഞ്ഞ വിവരങ്ങൾ.

## <u>ഗ്രാമസഭയിൽ വന്നിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ തീരുമാനങ്ങൾ</u>

- തൊഴിലുറപ്പ് പ്രവൃത്തിയിൽ റോഡ് സോളിംങ് ഉൾപ്പെടുത്തണമെന്ന് തൊഴിലാളിയായ അജിത നിർദ്ദേശിച്ച .
- കാലാവസ്ഥയ്ക്ക് അനുയോജ്യമായി തന്നെ ജോലി ലുമാക്കണമെന്ന് തൊഴിലാളികളിലൊരാളായ ഗംഗാദേവി നിർദ്ദേശിച്ചു.
- പശുവളർത്തൽ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണമെന്ന് VMC നിർദ്ദേശിച്ചു.
- നെൽകൃഷി, പറമ്പ് കിളച്ചു നിലം ഒരുക്കൽ, എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തൊഴിലാളി കാർത്ത്യായനി എൻ നിർദ്ദേശിച്ചു.
- ഡ്രൈനേജ് ക്ലീനിങ്ങ് ഉൾപ്പെടുത്താൻ ഗിരിജ നിർദ്ദേശിച്ചു.

**<u>തീരുമാനങ്ങൾ</u>**

- ഭരണ സമിതിയുമായി അലോചിച്ച് ക്യാമറ പുന:സ്ഥാപിക്കുവാൻ തീരുമാനിച്ചു.
- തൊഴിൽ കാർഡ് ലഭിക്കാത്ത തൊഴിലാളികൾക്ക് അത് ലഭ്യമാക്കാൻ തീരുമാനമുണ്ടായി.
- **<u>അദ്ധ്യക്ഷൻ</u>**

**എം കാർത്യായനി**

<u>വി.**ആർ .പി**</u>

**പ്രജിന.വി.കെ**

**രൂപ.കെ**

**ഐശ്വര്യ.എം**